# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

18/12/2014 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4685

## സ്കൂളുകളിലെ ഉച്ചഭക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എൽ.പി., യു.പി. വിഭാഗത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ടോ; | എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ അളവും മെനുവും അറിയിക്കുമോ; | (ബി) അരി – പ്രൈമറി വിഭാഗത്തിന് – 100 ഗ്രാം<br>അരി – അപ്പർപ്രൈമറി വിഭാഗത്തിന്– 150 ഗ്രാം വൈവിദ്ധ്യമുള്ളതും, പോഷകപ്രദവുമായ സമീഹൃതാഹാരം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഓരോ ദിവസവും ലഭിക്കുന്ന രീതിയിൽ മെനു തയ്യാറാക്കാൻ സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഓരോ കുട്ടിക്കും നൽകേണ്ടുന്ന പച്ചക്കറിയുടെ അളവും അതിനായി അനുവദിക്കുന്ന തുകയും എത്രയാണ്; | (സി) പച്ചക്കറി – പ്രൈമറി വിഭാഗത്തിന് – 50 ഗ്രാം പച്ചക്കറി – അപ്പർപ്രൈമറി വിഭാഗത്തിന് – 75 ഗ്രാം. കുട്ടിയൊന്നിന് പ്രതിദിനം അനുവദിക്കുന്ന 5/- രൂപയിൽനിന്നും പച്ചക്കറിക്കുള്ള തുക സ്കൂൾ അധികൃതർ നൽകുന്നതാണ്. |
| (ഡി) ആഴ്ചയിൽ എത്ര ദിവസം എത്ര അളവിലാണ് ഓരോ കുട്ടിക്കും പാലും കോഴിമുട്ടയും നൽകുന്നത്; | (ഡി) പാൽ 150 മി.ലിറ്റർ തോതിൽ ആഴ്ചയിൽ രണ്ടു ദിവസം, മുട്ട ആഴ്ചയിൽ ഒരു ദിവസം. |
| (ഇ) ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന കയറ്റിറക്ക് കൂലിയും പാചകക്കൂലിയും എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഇ) കയറ്റിറക്കു കൂലി കുട്ടികൾക്ക് പ്രതിദിനം അനുവദിക്കുന്ന 5/- രൂപയിൽ നിന്നും കണ്ടെത്തേണ്ടതാണ്. പാചകക്കൂലി കുറഞ്ഞത് 200/- രൂപയും പരമാവധി 250/- രൂപയും പ്രത്യേകമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ